(സി) 2001 മെയ് മുതൽ ഇതുവരെയായി എത്ര കോടി രൂപയുടെ വായ്പയും, ഗ്രാന്റും വിദേശ രാജ്യങ്ങളിൽ നിന്നും, സംഘടനകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കാലയളവിൽ എത്ര സംഖ്യ തിരിച്ചടച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഡോളർ, യൂറോ വിനിമയ നിരക്കിൽ സംഖ്യ തിരിച്ചടച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ വിദേശ രാജ്യങ്ങളിൽ നിന്നും നേരിട്ട് കടം എടുക്കാറില്ല. വിദേശ സഹായം കേന്ദ്ര സർക്കാർവഴി വിദേശ സഹായ പദ്ധതികൾക്കായിട്ടുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന എല്ലാവിധ അധിക കേന്ദ്ര സഹായങ്ങളും 70% വായ്പയും 30% ഗ്രാന്റും ആയിട്ടാണ് ലഭിക്കുന്നത്.

(സി) വിദേശ രാജ്യങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ സംസ്ഥാന സർക്കാർ നേരിട്ട് വായ്പ എടുത്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശമ്പള പരിഷ്കരണ ഉത്തരവുകളിൽ റീ ഓപ്ഷനുള്ള അവസരം

2 (3211) ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതി വിധികൾ ഉണ്ടായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 1978 മുതലുള്ള ശമ്പളപരിഷ്കരണ ഉത്തരവുകളിൽ റീ ഓപ്ഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1983, 1988, 1992 ശമ്പളപരിഷ്കരണ ഉത്തരവുകളിൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ 3 കേസുകളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

വായ്പാ നിക്ഷേപ അനുപാതം

3 (3212) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം കഴിഞ്ഞ 10 വർഷങ്ങളിൽ ഓരോ വർഷവും എത്രയായിരുന്നു ;

(ബി) നമ്മുടെ അയൽ സംസ്ഥാനങ്ങളിലെ ക്രെഡിറ്റ് ഡപ്പോസിറ്റ് റേഷ്യോയുമായി ഇത് താരതമ്യം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ 10 വർഷങ്ങളിലെ വായ്പാ നിക്ഷേപ അനുപാതം താഴെ കാണും പ്രകാരമാണ്.

വർഷം (മാർച്ച്)	വായ്പാനിക്ഷേപ അനുപാതം
1993	48.03%
1994	43.11%
1995	44.66%
1996	44.42%
1997	45.24%
1998	44.88%
1999	43.06%
2000	41.28%
2001	42.77%
2002	42.71%
2003	45.47%
2004	48.31%
30-9-2004 വരെ	53.40%

(ബി) താരതമ്യം ചെയ്തിട്ടില്ല.

കടബാദ്ധ്യത കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ

4 (3213) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമ്പത്തിക പരിഷ്കരണ നടപടികളുടെ ഭാഗമായി കടബാദ്ധ്യത എത്ര മാത്രം കുറച്ചുകൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പദ്ധതി ചെലവ് വർദ്ധിച്ചു വരുന്നതിനാൽ പൊതുകടം കുറയ്ക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഡെബ്റ്റ് സ്വാപ് (Debt Swap) സ്കീം പ്രകാരം പലിശ ബാദ്ധ്യത കുറയ്ക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly